# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM P10/1527/21 DT 25/03/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 06/05/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-KLM P10/1527/21 DT 25/03/2022 തീയ്യതി: 06/05/2022

## കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-06-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 18-10-2021 | 31-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിജി വർഗ്ഗീസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.പത്മകുമാരി.എൽ, (അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ.അരുൺജിത്ത്.ജി, (സീനിയർഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.വിഷ്ണുപ്രിയ.കെ, (ഓഡിറ്റർ)
ശ്രീമതി.അമല സെർമിയസ്, (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഐ.നൌഷാദ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| ശ്രീ.സി.ജനചന്ദ്രൻ | സെക്രട്ടറി | 01-04-2019 | 11-07-2019 |
| ശ്രീ.രാജൻആചാരി | സെക്രട്ടറി | 11-07-2019 | 31-03-2020 |
| ശ്രീ.രാധാകൃഷ്ണപിള്ള | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.അരുൺസുഗതൻ | കൃഷി ഓഫീസർ | 01-04-2019 | 23-09-2019 |
| ശ്രീമതി.ബിനിഷ | കൃഷി ഓഫീസർ | 23-09-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു.കെ.ഒ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ഡോ.എം.കെ.വിമല | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-04-2019 | 31-03-2021 |
| ഡോ.സബിതവിജയൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.സിന്ധുരാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 05-03-2020 |
| ഡോ.ഗീത.പി | മെഡിക്കൽ ഓഫീസർ ആയുർവേദം | 06-03-2020 | 31-03-2020 |
| ശ്രീമതി.രേഖാലക്ഷ്മി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുമതോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-02-2020 |
| ശ്രീ.രാജേന്ദ്രൻ.എസ്സ് | അസിസ്റ്റന്റ് എഞ്ചിനീയർ | 17-02-2020 | 31-03-2020 |
| ശ്രീമതി.സന്ദജ.കെ.എസ്സ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 01-04-2019 | 31-03-2020 |
| ശ്രീ.വിനോദ്കുമാർ.എസ്സ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2 | 01-04-2019 | 31-03-2020 |
| ശ്രീമതി.സുജാത.കെ.ജി | വെറ്റിനറി സർജൻ | 01-04-2019 | 28-01-2020 |
| ശ്രീ.ബൈജു.എ.എൻ | വെറ്റിനറി സർജൻ | 28-01-2020 | 31-03-2020 |
| ശ്രീമതി.സംഗീത | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 03-06-2019 |
| ശ്രീമതി.ജീന.ജെ.നെൽസൺ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 04-06-2019 | 29-11-2019 |
| ഒഴിവ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 30-11-2019 | 27-12-2019 |
| ശ്രീ.അബ്ദുൾ സലീം | ഡയറി എക്സ്റ്റെൻഷൻ | 28-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി.പ്രസന്നകുമാരിയമ്മ.ബി | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-05-2019 |
| ശ്രീ.അബ്ദുൾ സലീം.എച്ച് | ഹെഡ് മാസ്റ്റർ | 01-06-2019 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vishnu Priya K (Auditor, On 23-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Padmakumari L (Asst. Audit Officer, On 02-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 1-2 |
| 3 | വാർഷികകണക്കപരിശോധന<br>Written By: Padmakumari L (Asst. Audit Officer, On 01-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Padmakumari L (Asst. Audit Officer, On 02-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 01-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്<br>Written By: Padmakumari L (Asst. Audit Officer, On 01-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Vishnu Priya K (Auditor, On 23-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vishnu Priya K (Auditor, On 23-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Vishnu Priya K (Auditor, On 01-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 1-7 |
| 10 | പെൻഷണറുടെ മരണശേഷം പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചു.<br>Written By: Vishnu Priya K (Auditor, On 01-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-7-1 |
| 11 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി<br>Written By: Vishnu Priya K (Auditor, On 02-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-7-2 |
| 12 | ക്യാഷ് പരിശോധന<br>Written By: Amala Sermius (Auditor, On 23-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Vishnu Priya K (Auditor, On 02-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Vishnu Priya K (Auditor, On 23-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-04-2022) | 1-10 |
| 15 | കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകുന്നില്ല<br>Written By: Vishnu Priya K (Auditor, On 01-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-11 |
| 16 | തറനിർമ്മിതിയുടെയും, എയർ കണ്ടീഷനിംഗിന്റെയും അടിസ്ഥാനത്തിൽ ഉള്ള വർദ്ധനവ് വസ്തുനികുതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Vishnu Priya K (Auditor, On 01-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-12 |
| 17 | ലേല നടപടികളിലെ അപാകതകൾ<br>Written By: Amala Sermius (Auditor, On 01-11-2021) | 1-13 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | |
| 18 | പ്രോജക്ടുകൾക്കായി അനുവദിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 06-04-2022) | 1-14 |
| 19 | പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ തൻവർഷം ലഭ്യമായ ഫണ്ടുകൾ നഷ്ടമാകുന്നു.<br>Written By: Biji Varghese (Audit Officer (HG), On 31-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 06-04-2022) | 1-15 |
| 20 | കുട്ടികൾക്ക് പ്രഭാതഭക്ഷണം - സർക്കാർ അനുമതിയില്ലാതെ എയ്ഡഡ് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി.<br>Written By: Padmakumari L (Asst. Audit Officer, On 31-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 06-04-2022) | 1-16 |
| 21 | ലൈഫ് ഭവന പദ്ധതി ജനറൽ - ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പിൻവലിക്കപ്പെടാത്ത തുക ബാങ്കിൽ നിന്നും തിരികെ ഈടാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 31-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-17 |
| 22 | വീട് വാസയോഗ്യമാക്കൽ - അനുവദനീയമായതിലും അധികം തുക നല്കി<br>Written By: Padmakumari L (Asst. Audit Officer, On 31-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-18 |
| 23 | ലൈഫ് ഭൂരഹിതം ഭൂമി വാങ്ങൽ - വാസ്തവ വിരുദ്ധമായ രേഖകൾ ഹാജരാക്കി ഭൂമി രജിസ്റ്റർ ചെയ്തു.<br>Written By: Padmakumari L (Asst. Audit Officer, On 01-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-19 |
| 24 | ലൈഫ് ഭൂരഹിതം വസ്തുവാങ്ങൽ ജനറൽ - ഇല്ലാത്ത വസ്തുകൈമാറ്റത്തിന്റെ പേരിൽ പദ്ധതി ചെലവ്<br>Written By: Padmakumari L (Asst. Audit Officer, On 01-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-20 |
| 25 | കന്നുകുട്ടിപരിപാലന പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Arunjith G (Senior Grade Auditor, On 01-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 1-21 |
| | ഭാഗം **2** | |
| 1 | എയർ കണ്ടീഷനിംഗിന്റെ അടിസ്ഥാനത്തിൽ ഉള്ള വർദ്ധനവ് വസ്തുനികുതിയിൽ ഉൾപ്പെടുത്തിയില്ല.<br>Written By: Amala Sermius (Auditor, On 01-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 2-1 |
| | ഭാഗം **3** | |
| 1 | വീട് വാസയോഗ്യമാക്കൽ - അനുവദനീയമായതിലും അധികം തുക നല്കി<br>Written By: Vishnu Priya K (Auditor, On 02-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 3-1 |
| 2 | ലൈഫ് ഭവന പദ്ധതി ജനറൽ - ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പിൻവലിക്കപ്പെടാത്ത തുക ബാങ്കിൽ നിന്നും തിരികെ ഈടാക്കിയില്ല.<br>Written By: Bini Chandran S (Computer Assistant, On 11-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 3-2 |
| 3 | ലൈഫ് ഭൂരഹിതം വസ്തുവാങ്ങൽ ജനറൽ - ഇല്ലാത്ത വസ്തുകൈമാറ്റത്തിന്റെ പേരിൽ പദ്ധതി ചെലവ്<br>Written By: Bini Chandran S (Computer Assistant, On 11-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 3-3 |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vishnu Priya K (Auditor, On 23-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vishnu Priya K (Auditor, On 24-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vishnu Priya K (Auditor, On 24-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vishnu Priya K (Auditor, On 23-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Bini Chandran S (Computer Assistant, On 21-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Vishnu Priya K (Auditor, On 30-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vishnu Priya K (Auditor, On 30-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Vishnu Priya K (Auditor, On 30-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Vishnu Priya K (Auditor, On 30-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 11-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vishnu Priya K (Auditor, On 02-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vishnu Priya K (Auditor, On 30-10-2021)<br>Last Updated By: Bini Chandran S (Computer Assistant, On 12-04-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

20-02-2019 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 25-02-2020 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 25.05.2020 | - | - |

### 1-2-1 വാർഷികകണക്കുപരിശോധന

1. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ പുതിയ ആസ്തികളുടെ ഉൾപ്പെടുത്തൽ, ആസ്തികളുടെ മൂല്യം എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ല. ക്ലോസിങ്ങ് സ്റ്റോക്ക് ഉൾപ്പെടുത്തിയിട്ടില്ല.

4. വസ്തു നികുതി-സഞ്ചയ പ്രകാരമുള്ള തുകകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5. വസ്തു നികുതി – അരിയർ ഡിമാന്റ്, അഡ്വാൻസ് കളക്ഷൻ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

6. ബാലൻസ്ഷീറ്റ് ബി 7 പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ, രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തിയപ്പോൾ, ക്രമീകരിച്ച തുകകളുടെ ഇനം തിരിച്ചുള്ള വിവരം ഹാജരാക്കിയിട്ടില്ല.

7. 2018-19 ൽ ലയബിലിറ്റി ആയി നിന്നിരുന്ന ജില്ലാപഞ്ചായത്ത് വിഹിതം - 1106112/-രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 6104324/-രൂപയും ബാലൻസ് ഷീറ്റിൽ ലയബിലിറ്റിയായി ഉൾപ്പെട്ടിട്ടില്ല. ആയത് ചെലവായി കാണിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,19,85,954/- |
| വരവ് | 15,28,10,007/- |
| ആകെ | 18,47,95,961/- |
| ചെലവ് | 15,46,73,705/- |
| നീക്കിയിരിപ്പ് | 3,01,22,256/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ നിരാകരിക്കുന്ന തുക | 2,90,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 44,52,203/- |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ്സായ തുക(രൂപ) | ക്യുബിൽ വിശദാംശങ്ങൾ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19341000/- | 19341000/- | 19250760/- | 90240/- | 90240/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12781000/- | 12781000/- | 9956504/- | 2824496/- | 1361529/- |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 14019456/- | 14019456/- | 7222417/- | 6797039/- | 4435403/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 16695000/- | 16695000/- | 5759915/- | 10935085/- | 6243973/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 5740000/- | 5740000/- | 4167578/- | 1572422/- | 691384/- |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കത ഗ്രാന്റ് | | | | | |
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 0 | 7280000/- | 7280000/- | 7280000/- | |
| വിമുക്തി | 36690/- | 0 | 36690/- | 36690/- | 0 |
| MNREGS ഭരണചെലവുകൾ | 25760/- | 1413226 | 1438986/- | 1438986/- | 0 |
| അഗതി രഹിത കേരളം | 0 | 693810/- | 693810/- | 693810/- | 0 |
| കാവ് സംരക്ഷണം | 0 | 983233/- | 983233/- | 0 | 983233/- |
| കേന്ദ്രാവിഷ്കത ഗ്രാന്റ് | | | | | |
| ICDS | 2004038/- | 1355026/- | 3359064/- | 1815517/- | 1543547/- |
| TSC | 3113310/- | 435227/- | 3548537/- | 393231/- | 3155306/- |

### 1-4-1 ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസനഫണ്ട് ജനറൽ, എസ്.സി.പി, സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (തുക) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (തുക) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 221 | 238933677/- | 208 | 92269597/- | 0 | 13 | 93.75% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 25760/- | 1413226/- | 1438986/- | 1438986/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33386815/- | 33386815/- | 33386815/- | 0 |
| | | | | | |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 272400/- | 105 |
| കർഷകതൊഴിലാളി പെൻഷൻ | 346800/- | 52 |
| വിധവാപെൻഷൻ | 8043600/- | 2114 |
| വാർദ്ധക്യകാലപെൻഷൻ | 11148300/- | 2090 |
| വികലാംഗപെൻഷൻ | 2557500/- | 232 |
| വിവാഹ ധനസഹായം | 150000/- | 5 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതയായ സ്ത്രീകൾ | 168600/- | 38 |

### 1-7-1 പെൻഷണറുടെ മരണശേഷം പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചു.

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലെ വിവരങ്ങളും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക | അനർഹമായ കാലയളവ് |
|---|---|---|---|---|---|---|
| 1 | ജമീലാബീവി | വാർദ്ധക്യകാല പെൻഷൻ | 103110200359 | 3-2-19 | 7500/- | 3/19-7/19 |
| 2 | സരോജിനിഅമ്മ | വാർദ്ധക്യകാല പെൻഷൻ | 103110200303 | 19.042.19 | 4500/- | 5/19-7/19 |
| 3 | കുട്ടപ്പൻനായർ | വാർദ്ധക്യകാല പെൻഷൻ | 103110202418 | 11.04.19 | 4500/- | 5/19-7/19 |
| 4 | ആസ്യബീവി | വാർദ്ധക്യകാല പെൻഷൻ | 103110202471 | 4.02.19 | 5840/- | 3/19-7/19 |
| 5 | രാധമ്മയമ്മ | വാർദ്ധക്യകാല പെൻഷൻ | 103110600829 | 08.02.19 | 3600/- | 5/19-7/19 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഓഫീസിൽ അപേക്ഷകൾ ലഭ്യമായാൽ മരണതീയതി വരെയുള്ള തുക ഗുണഭോക്താക്കളുടെ അനന്തരാവകാശിക്ക് നൽകുന്നതിനും അതിന്ശേഷം ബാങ്ക് അക്കൌണ്ടിലേക്ക് നൽകിയ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ

ലിമിറ്റഡ് അക്കൌണ്ടിലേക്ക് കൈമാറുന്നതിനുമായി ബാങ്ക് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ആയതിനാൽ ഈ ലിസ്റ്റ് അപൂർണ്ണമാണ്.

മറ്റു തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. വാർഡ് ജനപ്രതിനിധികളുടേയും സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റേയും കൂട്ടുത്തരവാദിത്വത്തിൽ, മരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം ശേഖരിച്ച് മരണതീയതി പ്രാബല്യത്തിൽ പെൻഷൻ സസ്പെന്റ് ചെയ്ത് ശേഷിക്കുന്ന തുക ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>മരണപ്പെട്ട/അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു . തിരിച്ചടവ് ഉറപ്പാക്കണം</u>

സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലെ വിവരങ്ങളും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടുകളും പരിശോധിച്ചതിൽ മരണമടഞ്ഞവരുടെ പേരിലും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുമുണ്ട്.

ഏതാനും ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | പേരു് വിവരം | പെൻഷൻ ഐ.ഡി | മരിച്ച തീയതി | സഹകരണബാങ്കിലേക്ക് തുക നൽകിയിരിക്കുന്ന കാലയളവ് | തുക | ഡി.ബി.ടി.റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പീതാംബരൻ | 103110202294 | 23.12.18 | 1/19 - 4/19 | 6000/- | തുക കൈമാറാൻ സാധിച്ചില്ല. |
| 2 | ലാലു.ഡി | 103110202248 | 29.03.19 | 12/18-4/19 | 5600/- | തുക കൈമാറാൻ സാധിച്ചില്ല. |
| 3 | ശാന്തമ്മയമ്മ | 103110601058 | 29.04.19 | 5/19-7/19 | 3600/- | തുക കൈമാറാൻ സാധിച്ചില്ല. |
| 4 | മാധവിക്കുട്ടിഅമ്മ | 103520600017 | 21.4.19 | 5/19-7/19 | 3600/- | തുക കൈമാറാൻ സാധിച്ചില്ല. |
| 5 | കുട്ടിഅമ്മ | 103110200657 | 8.5.19 | 5/19-7/19 | 4500/- | തുക കൈമാറാൻ സാധിച്ചില്ല. |
| 6 | ശാരദ | 103110600405 | 3.05.19 | 5/19-7/19 | 1800/- | തുക കൈമാറാൻ സാധിച്ചില്ല. |
| 7 | മേരി | 103110600220 | 16.05.19 | 5/19-7/19 | 3600/- | തുക കൈമാറാൻ സാധിച്ചില്ല. |

അനർഹമായവരെ സഹകരണ ബാങ്കുകൾ യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ധനകാര്യ വകുപ്പിൻ്റെ 5-11.20 ലെ സർക്കുലർ 67/20, പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശ്ശസ്വയംഭരണ വകുപ്പിന്റെ 16.06.21 ലെ 6809/2020 സർക്കുലർ പ്രകാരം എല്ലാ മാസവും 20 ആം തീയതിക്കകം 'ഡയറക്റ്റ് ഹോം' രീതിയിൽ വിതരണം ചെയ്യുന്ന ഗുണഭോക്താക്കളിൽ 'Deceased' എന്നു കാണിച്ചിട്ടുള്ളവരുടെ പെൻഷൻ വിശദമായ അന്വേഷണത്തിലൂടെ സസ്പെന്റ് ചെയ്യേണ്ടതാണെന്ന്

സൂചിപ്പിച്ചിട്ടുണ്ട്. പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ അനർഹരായി റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാവരുടെയും പെൻഷൻ ഉടൻ പ്രാബല്യത്തിൽ സസ്പെന്റ് ചെയ്യേണ്ടതാണ്. ഒപ്പം വിതരണം ചെയ്യാത്ത തുക സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി-7/25.10.21

1-7-2 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്ന 7 ഗുണഭോക്താക്കൾ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിവരം | പെൻഷൻ ഐ.ഡി | പെൻഷൻ കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ തുക (രൂപ) |
|---|---|---|---|---|
| 1 | രാജമ്മ.കെ.കെ | 103110201524 | 6/2017 മുതൽ 4/2020 വരെ | 54100/- |
| 2 | പത്മകുമാരിയമ്മ | 103110600792 | 7/2014 മുതൽ 4/2020 വരെ | 50800/- |
| 3 | സോളമൻ | 103110202009 | 8/2016 മുതൽ 4/2020 വരെ | 36600/- |
| 4 | റംലാബീവി | 103110600272 | 12/2002 മുതൽ 4/2020 വരെ | 102940/- |
| 5 | ഓമനയമ്മ | 103110600977 | 4/2011 മുതൽ 4/2020 വരെ | 68800/- |
| 6 | സതിദേവിഅമ്മ | 103110201670 | 2/2014 മുതൽ 4/2020 വരെ | 54200/- |
| 7 | ശാരദ | 103110201675 | 2/2019 മുതൽ 4/2020 വരെ | 3400/- |

ഫയൽ പരിശോധിച്ചതിൽ മേൽ പറഞ്ഞിരിക്കുന്ന വ്യക്തികൾക്ക് തുക തിരികെ ഒടുക്കാൻ ആവശ്യപ്പെട്ട് 09.04.21 ൽ സി5-3793/21 നമ്പരായി കത്ത് നൽകിയതായി കാണുന്നു. ക്രമ നം. 6, 7 ഗുണഭോക്താക്കൾ തുക ഒടുക്കുവരുത്തിയിട്ടുണ്ട്. മറ്റു ഗുണഭോക്താക്കൾ തുക ഒടുക്കുകയോ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിച്ച് സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ ടി വ്യക്തികൾ കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-7/20-21/25.10.21

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-10-2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 10263/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

1-9 ആഭ്യന്തര നിയന്ത്രണം

• ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

• കണക്കുകളുടെ റീകൺസീലിയേഷൻ കൃത്യമായി നടത്തി സൂക്ഷിച്ചിട്ടുണ്ട്. എങ്കിലും നികുതി പിരിവിലും തുകകളുടെ ഒടുക്കിലും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

• ഗ്രാമപഞ്ചായത്തിലെ സഞ്ചയ, സാംഖ്യ സോഫ്റ്റ് വെയറുകളുടെ ഇന്റഗ്രേഷൻ നടന്നിട്ടുള്ളതിനാൽ സാംഖ്യയിൽ വരുന്ന രസീതുകളും ക്യാൻസൽ ആകുന്ന രസീതുകളും സഞ്ചയയിലും അതേസമയം അപ്ഡേറ്റ് ആകേണ്ടതുണ്ട്. എന്നാൽ നിലവിൽ സാംഖ്യയിൽ ക്യാൻസൽ ആയ രസീതുകൾ സഞ്ചയയിൽ വരവുവച്ചിട്ടുള്ളതായി കാണുന്നു. ഇത് സോഫ്റ്റ് വെയർ അപാകതയാണെന്നും ഐ.കെ.എം ന് വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികുതി ചോർച്ചയ്ക്കിടയാക്കുന്ന ഇത്തരം അപാകതകളിന്മേൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

• വസ്തുനികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് തുടർച്ചയായ നമ്പർ നല്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. വിവിധ ലേലങ്ങൾ നടത്തുമ്പോൾ ലേലത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും നിരതദ്രവ്യം യഥാസമയം ഈടാക്കുന്നതായും നിബന്ധനകൾ പാലിച്ച് ലേല നടപടികൾ പൂർത്തിയാക്കുന്നതായും കാണുന്നില്ല.

• സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുകകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു. സർവ്വീസ് പെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷനുകൾ കൈപ്പറ്റുന്നതായും കണ്ടെത്തിയിട്ടുണ്ട്.

• നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന മാനുവൽ രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തുന്നില്ല. ഒരു സാമ്പത്തിക വർഷം ഉപയോഗിച്ച രസീതുബുക്കിലെ ഉപയോഗിക്കാത്ത രസീതുകൾ യഥാസമയം ക്യാൻസൽ ചെയ്യുന്നില്ല.

• ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

• തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല. പഞ്ചായത്ത് കമ്മിറ്റിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭാഗത്തുനിന്നും പദ്ധതി നിർവ്വഹണ അധികാരികൾക്കുമേൽ, പദ്ധതി നിർവ്വഹണം സംബന്ധമായി, കൂടുതൽ കാര്യക്ഷമമായ മേൽനോട്ടവും നിയന്ത്രണങ്ങളുമുണ്ടാകേണ്ടതുണ്ട്.

• ആനുകൂല്യ വിതരണത്തിൽ ഡേറ്റാ ബാങ്ക് സൂക്ഷിക്കാത്തത് ഒരേ വ്യക്തിക്ക് തന്നെ തുടർ വർഷങ്ങളിലും ഇതേ ആനുകൂല്യം നല്കാനുള്ള സാഹചര്യം നിലനിർത്തുന്നു. വി ഇ ഒ നിർവ്വഹണം

നടത്തിയ പ്രോജക്ടുകളിൽ ഗുണഭോക്താവിന് അർഹമായതിലും അധികം തുക അനുവദിച്ചതായും വ്യക്തമായ രേഖകളുടെ പിൻബലമില്ലാതെയും അനർഹരായ ഗുണഭോക്താവിന് ആനുകൂല്യം അനുവദിച്ചതായും കാണുന്നു.

മേൽ വിഷയങ്ങളിൽ ഭരണനിർവ്വഹണ വിഭാഗങ്ങളുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-11-2020 | 1/2020 - 3/2020 | 30-11-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-04-2016 | 2011-12 – 2015-16 | 15-04-2016 |

1-11 കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകുന്നില്ല

2019-20 വർഷത്തെ അസ്സസ്സ്മെന്റ് രജിസ്റ്ററിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടങ്ങൾക്ക് നൽകുന്ന നമ്പരുകൾക്ക് തുടർച്ചയില്ല .

2. അസ്സസ്സ്മെന്റ് രജിസ്റ്ററിൽ കെട്ടിടനമ്പർ മാത്രം രേഖപ്പെടുത്തി മറ്റ് കോളങ്ങൾ ഒഴിച്ചിട്ടിരിക്കുന്നു. ഇവ സഞ്ചയയിൽ യഥാർഥത്തിൽ അസ്സസ്സ് ചെയ്യിട്ടില്ലാത്തവയാണ്.

3. ഒരു കെട്ടിടത്തിൽ തന്നെ ഒന്നിൽ കൂടുതൽ നമ്പർ നൽകിയിരിക്കുന്ന അവസരത്തിൽ പോലും തുടർച്ചയായി നമ്പർ നൽകിയിട്ടില്ല .

4. കെട്ടിടനമ്പർ നൽകിയെങ്കിലും അസ്സസ്സ്മെന്റ് പൂർത്തീകരിച്ച് അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താത്ത കെട്ടിടനമ്പരുകൾ ചുവടെ ചേർക്കുന്നു.

| വാർഡ് | കെട്ടിട നമ്പർ |
|---|---|
| II | 816, 818, 821 To 827, 834, 836, 837, 840, 841, 842, 844 To 847, 862 |
| III | 1021, 1027, 1062, 1079, 1081, 1082, 1083, 1163, 1164, 1170, 1175, 1177 |
| IV | 640, 646, 647, 648, 651, 653, 657, 660, 662 |
| V | 642,644 |
| VI | 617, 620, 621, 22, 623, 624, 625, 627, 628 |
| VII | 686, 88, 708, 712 To 719, 721, 723 To 855 |
| VIII | 886, 890, 897, 898, 899, 900, 904, 906, 911, 919, 920, 921, 923 |
| IX | 873, 878, 893, 894, 895 |
| X | 845 To 849, 853, 855, 856, 857, 858, 863, 864, 868 To 879 |
| XII | 655, 657, 659, 660, 671, 675, 676, 679, 692 To 697 |
| XIII | 635, 647, 648 |
| XIV | 653, 664 To 670 |
| XV | 797, 800, 813, 815 |
| XVI | 625, 632, 634, 636, 637, 640 To 689 |
| XVII | 693, 694, 695, 700, 713, 801 |
| XVIII | 763, 765 To 773, 778, 780, 790, 795 |

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസ്സസ്സ്മെന്റ് രജിസ്റ്ററിൽ അപേക്ഷകൾ ലഭിക്കുമ്പോൾ തന്നെ അപേക്ഷ നമ്പർ രേഖപ്പെടുത്തി വയ്ക്കുമെന്നും, പിന്നീട് സെക്രട്ടറിയുടെ ഡിജിറ്റൽസൈനോട് കൂടിയ സഞ്ചയയിൽ നിന്നുള്ള അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രിന്റ് എടുത്ത് സൂക്ഷിക്കുമെന്നും മറുപടി ലഭ്യമാക്കി.

സഞ്ചയ സോഫ്റ്റ് വെയറിൽ നെറ്റ് കണക്ഷൻ ലഭ്യമാകാതിരിക്കുന്ന സമയത്ത് എന്റർ ചെയ്യുന്ന നമ്പറുകൾ വീണ്ടും പുതിയ ഫോം 6 എന്റർ ചെയ്യുന്നതിനായി നൽകുമ്പോൾ 'Number Already Exists' എന്ന മെസേജ് കാണിക്കുന്നതിനെ തുടർന്ന് അടുത്ത നമ്പറുകൾ നൽകി ഡേറ്റാ എൻട്രി പൂർത്തീകരിക്കുന്നതുമൂലമാണ് കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകാൻ സാധിക്കാത്തത് എന്നും വിശദീകരിക്കപ്പെട്ടു. മേൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിട നമ്പറുകൾ നമ്പർ എന്റർ ചെയ്ത ഉദ്യോഗസ്ഥരുടെ ലോഗിൻ ഇൻബോക്സിൽ ലഭ്യമാണ്. ഇൻബോക്സിലെ നമ്പറുകൾ പരിശോധിച്ചതിനു ശേഷം മാത്രം പുതിയ കെട്ടിടനമ്പർ കൊടുക്കുന്ന രീതി അവലംബിച്ചാൽ ഈ അപാകത സംഭവിക്കുകയില്ല. അപേക്ഷയിലെ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ വാർഡിലെയും കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകുക എന്ന സോഫ്റ്റ് വെയറിന്റെ പ്രാഥമിക ലക്ഷ്യം തന്നെ ഇല്ലാതായ അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. അപാകതകൾ പരിഹരിച്ചു കിട്ടുന്നതിന് ഐ.കെ.എം നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുള്ളതിന്റെ തുടർനടപടികൾ ലഭ്യമാക്കേണ്ടതാണ്. അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാതെ കിടക്കുന്ന നമ്പറുകൾ ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഇവ ഡിലീറ്റ് ചെയ്യുന്നതിനും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 3 /25.10.21

1-12 തറനിർമ്മിതിയുടെയും, എയർ കണ്ടീഷനിംഗിന്റെയും അടിസ്ഥാനത്തിൽ ഉള്ള വർദ്ധനവ് വസ്തുനികുതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2019-20 വർഷം അസ്സസ്സ് ചെയ്തിട്ടുള്ള പത്താം വാർഡിലെ X/830 നമ്പർ കെട്ടിടം ഹോട്ടൽ ഗ്രീൻ ഫോർട്ട് എന്ന പേരിൽ 4 സ്റ്റാർ ഹോട്ടൽ പ്രവർത്തിക്കുന്നതിനായി അസ്സസ്സ് ചെയ്തിട്ടുള്ളതാണ്. സ്ഥലപരിശോധനയിൽ ഇത് സെൻട്രലൈസ്ഡ് എയർകണ്ടീഷൻ ചെയ്തിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി നിർണ്ണയ ഫോമിൽ ( ഫോം 6 ) എയർകണ്ടീഷനിംഗിന്റെ അടിസ്ഥാനത്തിലുള്ള 10% വർദ്ധനവ് ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വസ്തുനികുതി നിർണ്ണയ സമയത്ത് ടി കെട്ടിടങ്ങളിൽ എയർകണ്ടീഷനിംഗ് സൗകര്യം ഏർപ്പെടുത്തിയിരുന്നില്ല എന്ന് മറുപടി നൽകി.

ഈടാക്കേണ്ടിയിരുന്ന വസ്തു നികുതിയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

തറവിസ്തീർണം

താഴത്തെനില – 455 ച.മീ

ഒന്നാംനില - 431 ച.മീ

രണ്ടാംനില - 431 ച.മീ

മൂന്നാം നില - 73 ച.മീ

ആകെ – 1390 ച.മീ

അടിസ്ഥാന വസ്തുനികുതി നിരക്ക് - 90/- രൂപ

അടിസ്ഥാന വസ്തുനികുതി - 1390 X 90 = 125100/- രൂപ

വസ്തുനികുതിയിലുള്ള ഇളവ്

മേഖല – ദ്വിതീയം – (10%) – 12510/-

വസ്തുനികുതിയിലുള്ള വർദ്ധനവ്

വഴി സൌകര്യം - 5 മീറ്ററോ അതിൽ കൂടുതൽ - (20%) - 25020/-

എയർകണ്ടീഷനിംഗ് - സെൻട്രലൈസ്ഡ് ഏ.സി - (10%) - 12510/-

ആകെ ഈടാക്കേണ്ട വസ്തുനികുതി - 150120/-രൂപ

ഈടാക്കിയ വസ്തുനികുതി - 137610/-രൂപ

ഈടാക്കാൻ ബാക്കിയുള്ള തുക – 12510/-രൂപ

എയർ കണ്ടീഷനിംഗ് അടിസ്ഥാനത്തിൽ ഈടാക്കാനുള്ള തുക തറവിസ്തീർണത്തിന് ആനുപാതികമായി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

വരവിനത്തിലെ തൻവർഷ നഷ്ടം - 12510/-രൂപ

ഓഡിറ്റ് എൻക്വയറി- 9(20-21) / 29.10.21

1-13 ലേല നടപടികളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷ ലേല രജിസ്റ്റർ പരിശോധിച്ചതിൽ, വിവിധ ഇനങ്ങളുടെ ലേലത്തിൽ പങ്കെടുത്തവർ നിരതദ്രവ്യം ഒടുക്കിയതിന്റെ രേഖകളും, അവ തിരികെ ലേലക്കാർക്ക് നല്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട നൽകിയ എൻക്വയറിക്ക് മറുപടിയായി തുക ക്യാഷ് ആയി വാങ്ങിയ ശേഷം ലേലം കൊണ്ട വ്യക്തിയ്ക്ക് ഒഴികെ ബാക്കി എല്ലാവർക്കും അപ്പോൾ തന്നെ തുക തിരിച്ചു നല്കുകയാണ് എന്ന് വിശദീകരിച്ചു. ലേലത്തിൽ പങ്കെടുക്കുന്നവരിൽ നിന്ന് നിരതദ്രവ്യം സ്വീകരിച്ച ശേഷം മാത്രം ലേലത്തിൽ പങ്കെടുപ്പിക്കുക എന്നാണ് വ്യവസ്ഥയുള്ളത്. അതിനാൽ ഇങ്ങനെ തുക രസീത് ഇല്ലാതെ സ്വീകരിച്ച തിരികെ നല്കുക എന്നുള്ളത് ക്രമപ്രകാരമുള്ള നടപടി അല്ല. ആയതിനാൽ ലേലത്തിൽ പങ്കെടുക്കുന്ന എല്ലാവരിൽ നിന്നും നിരതദ്രവ്യം സ്വീകരിച്ചു രസീത് ചെയ്യാൻ ഉത്തരവാദിത്തപ്പെട്ടവർ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-14 പ്രോജക്ടുകൾക്കായി അനുവദിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി അനുവദിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ട് നം, പേര് | ഫണ്ട് ഇനം | തുക, ചെലവ് വിവരം | കുറിപ്പുകൾ |
|---|---|---|---|
| 22/20 ഐകെഎം ന് വിഹിതം നല്കൽ | വികസനഫണ്ട് -പൊതു. | ₹1,00,000/-<br>14/19-20, 04.09.19<br>ഐ കെ എം ന് | തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 43/20 ജീവനം ഡയാലിസിസ്-വിഹിതം | വികസനഫണ്ട് -പൊതു. | ₹50,000/-<br>12/19-20, 24.08.19<br>സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 57/20വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ | ധനകാര്യ കമ്മീഷൻ അവാർഡ് | ₹12,77,000/-<br>23/19-20, 06.11.19 | പൂർത്തീകരണവിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, വിനിയോഗവിവരം |

| | | | |
|---|---|---|---|
| | | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കൊല്ലം | ലഭ്യമാക്കിയിട്ടില്ല. |
| 240/20ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്- തുക ഒടുക്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് | ₹23,890/-<br>46/19-20, 31.03.20<br>കെഎസ് ഇബി | പൂർത്തീകരണവിവരം, ഫൈനൽ ബില്ലിന്റെ പകർപ്പ്, വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല |

ആകെ ₹14,50,890/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട പ്രോജക്ടുകളുടെ പൂർത്തീകരണ വിവരവും തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10/2019-20 തീയതി 29.10.21

## 1-15 പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ തൻവർഷം ലഭ്യമായ ഫണ്ടുകൾ നഷ്ടമാകുന്നു.

2019-20 വർഷം എ ഇ നിർവ്വഹണ ഉദ്യോഗസ്ഥനായി 120 പദ്ധതികൾക്ക് ഡി പി സി അംഗീകാരം വാങ്ങിയെങ്കിലും 52 എണ്ണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ തൻവർഷം ലഭ്യമായ ഫണ്ടുകൾ നഷ്ടമാകുന്നു. അസി. എൻജിനിയർ നടപ്പിലാക്കിയ പദ്ധതികൾക്കായി വകയിരുത്തിയ/ചെലവഴിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ലാപ്സായ തുക (രൂപ) |
|---|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 10007500/- | 3854384/- | 6153116/- |
| വികസനഫണ്ട് എസ്. സി പി | 3100750/- | 803860/- | 2296890/- |
| മെയി. ഗ്രാന്റ്(റോഡ്) | 19751254/- | 5759915/- | 13991339/- |
| മെയി. ഗ്രാന്റ്(റോഡിതരം) | 3562000/- | 1187578/- | 2374422/- |
| സംസ്ഥാനാനിഷ്കൃതഫണ്ട്. | 2060000/- | 0 | 2060000/- |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1077744/- | 0 | 1077744/- |

തൻവർഷം പൂർത്തീകരിക്കാത്ത പദ്ധതികളിൽ 7 എണ്ണം സ്പിൽഓവർ പദ്ധതികളാണ്. അതായത് പ്രസ്തുത പദ്ധതികളുടെ പ്രാരംഭ നടപടികൾ 18-19 വർഷം തന്നെ ആരംഭിച്ചവയാണ്. എന്നിട്ടും 2019-20 വർഷത്തിലും ടി പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നാല്പതോളം ബില്ലുകൾ ക്യൂബില്ലിൽ ഉൾപ്പെട്ടതുകൊണ്ടാണ് തൻവർഷം ചെലവ് ശതമാനം കുറഞ്ഞതെന്ന് വിശദീകരിച്ചിട്ടുണ്ട്. ഫണ്ടുകൾ ലാപ്സാകുന്നത് പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളെ ബാധിക്കുന്നതിനാൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

## 1-16 കുട്ടികൾക്ക് പ്രഭാതഭക്ഷണം - സർക്കാർ അനുമതിയില്ലാതെ എയ്ഡഡ് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ് |
| പ്രോജക്ട് നം | 1) 11/20 കുട്ടികൾക്ക് പ്രഭാതഭക്ഷണം<br>2) 12/20 കുട്ടികൾക്ക് പ്രഭാതഭക്ഷണം |

| | |
|---|---|
| അടങ്കൽ തുക | 1) 2200000/- (വികസന ഫണ്ട് ജനറൽ- 1500000/-, തനത്ഫണ്ട്- 700000/-)<br>2) 500000/- (വികസന ഫണ്ട് എസ്.സി.പി) |
| ചെലവഴിച്ച തുക | 1) 2688813/-(വികസനഫണ്ട് ജനറൽ- 1500000/-, എസ്.സി.പി – 500000/- , തനത്ഫണ്ട്-688813/-)<br>1) ബിൽ നം 4/6-9-19 തുക 711206/-<br>2) ബിൽ നം 5/15-11-19 തുക 492383/-<br>3) ബിൽ നം 6/15-11-19 തുക 7497/-<br>4) ബിൽ നം 1/20-5-19 തുക 288914/-<br>തനത്ഫണ്ട്- 688813, ചെക്ക് നം. 030467/ 20-3-20).<br>2) 500000/- ബിൽ നം 7/29-1-20 |

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ 6 സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കും 3 എയ്ഡഡ് സ്കൂളുകളിലെ (പള്ളിശ്ശേരിക്കൽ എൽ.പി.എസ്, സെന്റ് മേരീസ് എൽ.പി.എസ്, എ.എം എൽ.പി.എസ്, മനക്കര.) കുട്ടികൾക്കുമാണ് പ്രതിദിനം 11.5/-രൂപ നിരക്കിൽ 2019 ജൂലൈ മുതൽ 2020 മാർച്ച് വരെയുള്ള സ്കൂൾ പ്രവർത്തി ദിനങ്ങളിൽ പ്രഭാതഭക്ഷണം നല്കിയിട്ടുള്ളത്.

പദ്ധതിമാർഗ്ഗരേഖ (ജി.ഒ.(പി)11/2018 തീ 29-1-18) ഖ.7.6.7 പ്രകാരം സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം നല്കുന്നതിനുള്ള പ്രോജക്ടുകൾ സ്കൂളുകളുടെ നിയന്ത്രണചുമതലയുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അനുമതി വാങ്ങാതെയാണ് പഞ്ചായത്തിൽ നിന്നും എയ്ഡഡ് സ്കൂളുകളിൽ ഭക്ഷണവിതരണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എയ്ഡഡ് സ്കൂളുകളിൽ മേൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 2688813/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക്, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾ ആയതിനാലാണ് പദ്ധതി നടപ്പിലാക്കിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക- 2688813/-

എൻക്വയറി നം. 12/29-10-21

1-17 ലൈഫ് ഭവന പദ്ധതി ജനറൽ - ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പിൻവലിക്കപ്പെടാത്ത തുക ബാങ്കിൽ നിന്നും തിരികെ ഈടാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നം | 6/20 - ലൈഫ് ഭവന പദ്ധതി ജനറൽ |
| അടങ്കൽ തുക | 154000000/- (വികസന ഫണ്ട് ജനറൽ- 720000/-, സംസ്ഥാനാവിഷ്കൃതം- 13500000/- ബ്ലോക്ക് പഞ്ചായത്ത്- 534630/-, ജില്ലാപഞ്ചായത്ത്- 1785370/-, ലോൺ – 37460000/-) |
| ചെലവഴിച്ച തുക | 2180000/-(വികസന ഫണ്ട് ജനറൽ 720000/-, ബ്ലോക്ക് പഞ്ചായത്ത്- 260000/- ജില്ലാപഞ്ചായത്ത്- 400000/-, ലോൺ- 800000/-) |

മേൽപദ്ധതി വഴി ഭവന നിർമ്മാണത്തിനുള്ള അഡ്വാൻസായി തങ്കമ്മയമ്മ, കണക്കുന്നിൽ തെക്കതിൽ,

കരിന്തോട്ടുവ എന്ന ഗുണഭോക്താവിനുള്ള 40000/- രൂപ (ബിൽ നം. 4/29-8-19) ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയെങ്കിലും ( അക്കൗണ്ട് നം. 6785436438, ഇന്ത്യൻ ബാങ്ക്, ശാസ്താംകോട്ട) തുക പിൻവലിക്കുന്നതിന് മുമ്പ് തന്നെ ടിയാൾ മരണമടഞ്ഞു. ടിയാൾക്ക് അനന്തരാവകാശികളില്ലാത്തതിനാൽ തുക നിലവിലും ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുകയാണ്. ബാങ്കിൽ നിന്നും തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്. നിർവ്വഹണോദ്യോഗസ്ഥൻ 2020 ഏപ്രിലിൽ വാഹനാപകടത്തിൽ മരണമടഞ്ഞതിനാൽ തുടർന്നുള്ള ഉദ്യോഗസ്ഥൻ മേൽവിഷയത്തിൽ തുടർനടപടി സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിരാകരിക്കുന്ന തുക – 40000/-

എൻക്വയറി നം. 3/25.10.21

1-18 വീട് വാസയോഗ്യമാക്കൽ - അനുവദനീയമായതിലും അധികം തുക നല്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം | 161/20 വീട് വാസയോഗ്യമാക്കൽ (എസ്.സി വിഭാഗം) |
| അടങ്കൽ തുക | 519778/- (വികസന ഫണ്ട് എസ്.സി.പി489087/- തനത്ഫണ്ട് 30691/-) |
| ചെലവഴിച്ച തുക | 485267/- വികസന ഫണ്ട് എസ്.സി.പി. ബിൽ നം 1/4-7-19 235267/- |

വീട് വാസയോഗ്യമാക്കലിന് എസ്.സി വിഭാഗത്തിന് വാല്വേഷന് അനുസരിച്ച് പരമാവധി ആനുകൂല്യം 100000/- രൂപ നല്കുന്നതിനാണ് ഗ്രാമപഞ്ചായത്തിൽ പദ്ധതി അംഗീകരിച്ചിട്ടുള്ളത്.

2018-19 ലെ വീട് വാസയോഗ്യമാക്കൽ (എസ്.സി വിഭാഗം) പദ്ധതിയുടെ സ്പിൽഓവറായി നടപ്പിലാക്കിയ മേൽ പദ്ധതിയിലെ ഗുണഭോക്താവായ ജാനകി, കോട്ടയ്ക്കാട്ട് പുത്തൻവീട്, പള്ളിശ്ശേരിക്കൽ എന്ന വ്യക്തിക്ക് എൽ.എസ്.ജി.ഡി ഓവർസീയർ നല്കിയ വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 85267/-രൂപയാണ് വീട് വാസയോഗ്യമാക്കുന്നതിന് ആകെ ചെലവഴിച്ചിട്ടുള്ളത്. എന്നാൽ 2018-19 ൽ അഡ്വാൻസായി 50000/- രൂപ (ബിൽ നം. 43/13-3-19) നല്കിയിട്ടുള്ള ടിയാൾക്ക് 2019-20ൽ 35267/- രൂപ നല്കുന്നതിന് പകരം വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള 85267/- യും നല്കിയത് മൂലം 50000/- രൂപ അധികം നൽകി. മേൽ വിഷയം സൂചിപ്പിച്ചുകൊണ്ട് നല്കിയ എൻക്വയറിക്ക്, അധികമായി നല്കിയ തുക ഗുണഭോക്താവ് മരണപ്പെട്ടു പോയതിനാൽ അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കി രേഖകൾ ഹാജരാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട് . അധികമായി നല്കിയ 50000/- രൂപ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക- 50000/-

എൻക്വയറി നം- 3/25-10-21

1-19 ലൈഫ് ഭൂരഹിതം ഭൂമി വാങ്ങൽ - വാസ്തവ വിരുദ്ധമായ രേഖകൾ ഹാജരാക്കി ഭൂമി രജിസ്റ്റർ ചെയ്തു.

പ്രോ.നം 237/20 ലൈഫ് ഭൂരഹിതം ഭൂമി വാങ്ങൽ എന്ന പദ്ധതി വഴി രാധമ്മാൾ, ശശിഭവനം, മനക്കര കിഴക്ക് എന്ന വ്യക്തിക്ക് ഭൂമി വാങ്ങി നല്കുന്നതിനായി രാമദാസനാചാരി എന്ന വ്യക്തിയിൽ നിന്നും 3 സെന്റ് ഭൂമിയ്ക്ക് മുദ്രപത്രം രജിസ്റ്റർ ചെയ്തിരുന്നു. എന്നാൽ ഗുണഭോക്താവിന്റെ ഭർത്താവായ ശശിധരന്റെ പേരിൽ എഴുകോൺ പഞ്ചായത്തിൽ 5 സെന്റ് ഭൂമിയുണ്ടെന്ന് നിർവ്വണോദ്യോഗസ്ഥൻ കണ്ടെത്തിയിരുന്നു. ടിയാൾക്ക് ഭൂമി വാങ്ങുന്നതിനുള്ള തുക നല്കിയിട്ടില്ലെങ്കിലും രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തിട്ടില്ലാത്തതിനാലും നിർവ്വഹണോദ്യോഗസ്ഥൻ അപകടത്തിൽപെട്ട്

മരണമടഞ്ഞതിനാലും ഈ വിഷയത്തിൽ പഞ്ചായത്തിൽ നിന്നും സ്വീകരിച്ച തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വ്യക്തമായ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി മാത്രം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്.

1-20 ലൈഫ് ഭൂരഹിതം വസ്തുവാങ്ങൽ ജനറൽ - ഇല്ലാത്ത വസ്തുകൈമാറ്റത്തിന്റെ പേരിൽ പദ്ധതി ചെലവ്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം | 237/20 ലൈഫ് ഭൂരഹിതം വസ്തുവാങ്ങൽ ജനറൽ |
| അടങ്കൽ തുക | 16000000/- (വികസന ഫണ്ട് ജനറൽ- 1703690/-, ബ്ലോക്ക് പഞ്ചായത്ത്- 1902900/-, ജില്ലാപഞ്ചായത്ത്- 12393410/-) |
| ചെലവഴിച്ച തുക | 15600000/- (വികസന ഫണ്ട് ജനറൽ- 1423597/-, ബ്ലോക്ക് പഞ്ചായത്ത്- 1902900/-, ജില്ലാപഞ്ചായത്ത്- 12273503/-) |

2019-20ൽ നടപ്പിലാക്കിയ മേൽ പദ്ധതി 200000/- രൂപ നിരക്കിൽ ലൈഫ് ഭൂരഹിത ലിസ്റ്റിലുൾപ്പെട്ട 80 ഗുണഭോക്താക്കൾക്ക് കുറഞ്ഞത് 3 സെന്റ് വീതം ഭൂമി വാങ്ങി നല്കുന്നതിനായി 16000000/- രൂപ വകയിരുത്തിയാണ് അംഗീകാരം വാങ്ങി നടപ്പിലാക്കിയത്. മേൽ പദ്ധതിയ്ക്ക് സുലേഖ സ്റ്റേറ്റ്മെന്റ്, ആനുകൂല്യ രജിസ്റ്റർ എന്നിവയിൽ 78 ഗുണഭോക്താക്കൾക്കുള്ള 15600000/- രൂപ ചെലവഴിച്ചതായാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിൽ 77 അപേക്ഷകർക്ക് മാത്രമാണ് ഭൂമി വാങ്ങുന്നതിന് ആനുകൂല്യം നല്കിയതെന്നും രജിസ്റ്ററിൽ ഒരു ഗുണഭോക്താവിന്റെ പേര് വിവരങ്ങൾ മറ്റൊരു സീരിയൽ നമ്പറിൽ വീണ്ടും (49&65) രേഖപ്പെടുത്തിയതിനാലാണ് രജിസ്റ്റർ പ്രകാരം 78 ഗുണഭോക്താക്കൾ വന്നതെന്നും ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. കൂടാതെ ബിൽബുക്കിലെ 66/26-3-20 ബിൽ പ്രകാരം മേൽപദ്ധതിയ്ക്ക് വകയിരുത്തിയ (രേഖകൾ ഫയലിനോടൊപ്പം) 200000/-രൂപ വിജയമ്മ, ചെപ്പള്ളിൽ എന്ന വ്യക്തിയുടെ എസ്.ബി.ഐ കരുനാഗപ്പള്ളി ശാഖയിലുള്ള 2016856759 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി ട്രഷറി ബിൽ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. വിജയമ്മ എന്ന വ്യക്തിയിൽ നിന്നും ഭൂമി വാങ്ങിയ ആളുടെ അപേക്ഷയും രേഖകളും ഹാജരാക്കണമെന്ന് അറിയിച്ചുകൊണ്ട് നല്കിയ എൻക്വയറിക്ക്, ടി വ്യക്തിയുടെ അക്കൗണ്ട് നമ്പർ തെറ്റായതിനാൽ ബാങ്കിന് തുക കൈമാറാൻ സാധിച്ചിട്ടില്ലെന്നും പഞ്ചായത്തിൽ നിന്നും കത്ത് കൊടുക്കുന്ന മുറയ്ക്ക് തുക തിരികെ നല്കുന്നതാണെന്നും ബാങ്കിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന് വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക പിൻവലിച്ച് ഒന്നരവർഷം കഴിഞ്ഞിട്ടും തുക ആവശ്യപ്പെട്ട് ശ്രീമതി.വിജയമ്മ പഞ്ചായത്തിനെ സമീപിച്ചിട്ടില്ലാത്തതിനാലും ടിയാളിൽ നിന്നും ഭൂമി വാങ്ങിയ ഗുണഭോക്താവിനെ സംബന്ധിച്ച് രേഖകൾ ഇല്ലാത്തതിനാലും നിർവ്വഹണോദ്യോഗസ്ഥൻ 2020 ഏപ്രിലിൽ വാഹനാപകടത്തിൽ മരണമടഞ്ഞതിനാലും ഈ വിഷയത്തിൽ പഞ്ചായത്തിൽ നിന്നും തുടർ നടപടി സ്വീകരിച്ച വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. ടി നിർവ്വഹണോദ്യഗസ്ഥൻ നടത്തിയ ജനറൽ (77 ഗുണഭോക്താക്കൾ) & എസ്.സി.പി (22 ഗുണഭോക്താക്കൾ) ഭൂമി വാങ്ങൽ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് സ്വന്തമായോ പാരമ്പര്യമായോ ഭൂമിയില്ലെന്നുള്ള വില്ലേജോഫീസറുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിരുന്നില്ല. 23.03.20 ന് ലോക്ക് ഡൌൺ ആരംഭിച്ചതിനാൽ നിർവ്വഹണോദ്യോഗസ്ഥന് ഫയലുകൾ പരിപാലിക്കുന്നതിന് സമയം ലഭിച്ചിരുന്നില്ല എന്നാണ് നിലവിലെ വി.ഇ.ഒ അറിയിച്ചത്. മേൽ പദ്ധതികളിൽ നിലവിലുള്ള വി.ഇ.ഒ മാർ ഹാജരാക്കിയ രേഖകൾ മാത്രമാണ് പരിശോധിച്ചിട്ടുള്ളത്. നിർവ്വഹണോദ്യോഗസ്ഥന്റെ അഭാവത്തിൽ തുടർന്നുള്ള വി.ഇ.ഒ ബാങ്കിൽ നിന്നും തുക ഈടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക- 200000/-

ഓഡിറ്റ് എൻക്വയറി നം 13/30-10-21

1-21 കന്നുകുട്ടിപരിപാലന പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ടിനായി ₹3,12,500/-(ബിൽനം.06/2020-21/11.11.19) പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർ പേർക്ക് അനുവദിച്ചു. ശാസ്താംകോട്ട, കരിന്തോട്ടുവ ക്ഷീര സംഘങ്ങൾ വഴി അൻപത് ഗുണഭോക്താക്കളുടെ കന്ന് കുട്ടികൾക്ക് കാലിതീറ്റ സബ്സിഡി അനുവദിക്കുന്നതിനാണ് തുക ഒടുക്കിയിട്ടുള്ളത് (6,250 X 50 = 3,12,500). തുല്യമായ സബ്സിഡി തുക മൃഗസംരക്ഷണ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട് ( ഒരു കർഷകന് ലഭിക്കാവുന്ന പരമാവധി സബ്സിഡി തുക ₹12,500/-).

പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് പ്രകാരം മൂന്ന് മാസ കാലയളവിലധികം കാലിത്തീറ്റ കൈപ്പറ്റാത്ത ഗുണഭോക്താക്കളെ പദ്ധതിയിൽ നിന്ന് ഒഴിവാക്കി സബ്സിഡി തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതുണ്ട്. കാലിത്തീറ്റ വിതരണവിവരം ഉറപ്പുവരുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിൻ പ്രകാരം ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.5/19-20, 26.10.21 ) ലഭ്യമാക്കിയ കരിന്തോട്ടുവ ക്ഷീരസംഘത്തിലെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നാല് ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചേർക്കുന്നു.

| പേര് ശ്രീ /ശ്രീമതി | ബെനിഫിഷ്യറി നം. | ആകെ കൈപ്പറ്റിയ സബ്സിഡി വിഹിതം ₹ | കൈപ്പറ്റിയ സബ്സിഡി (ഗ്രാമപഞ്ചായത്ത് വിഹിതം) ₹ | കൈപ്പറ്റിയ സബ്സിഡി (സർക്കാർ വിഹിതം) ₹ |
|---|---|---|---|---|
| ശാന്തകുമാരി അമ്മ, വേളൂർ വീട് | Klm/48819 | 7,850/- | 3,925/- | 3,925/- |
| ലത, കായൽകുഴി മേലതിൽ | Klm/48820 | 4,468/- | 2,234/- | 2,234/- |
| ജലജമ്മ, സൂര്യാഭവനം | Klm/48823 | 7,344/- | 3,672/- | 3,672/- |
| ഉഷാകുമാരി, കുറ്റിലഴികത്ത് | Klm/48824 | 5,146/- | 2,573/- | 2,573/- |

സബ്സിഡി ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ₹3,12,500/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 എയർ കണ്ടീഷനിംഗിന്റെ അടിസ്ഥാനത്തിൽ ഉള്ള വർദ്ധനവ് വസ്തുനികുതിയിൽ ഉൾപ്പെടുത്തിയില്ല.

2019-20 വർഷം അസ്സസ്സ് ചെയ്തിട്ടുള്ള പത്താം വാർഡിലെ X/830 നമ്പർ കെട്ടിടം ഹോട്ടൽ ഗ്രീൻ ഫോർട്ട് എന്ന പേരിൽ 4 സ്റ്റാർ ഹോട്ടൽ പ്രവർത്തിക്കുന്നതിനായി അസ്സസ്സ് ചെയ്തിട്ടുള്ളവയാണ്. സ്ഥലപരിശോധനയിൽ ഇത് സെൻട്രലൈസ്ഡ് എയർകണ്ടീഷൻ ചെയ്തിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി നിർണ്ണയ ഫോമിൽ (ഫോം 6) എയർകണ്ടീഷനിംഗിന്റെ അടിസ്ഥാനത്തിലുള്ള 10% വർദ്ധനവ് ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വസ്തുനികുതി നിർണ്ണയ സമയത്ത് ടി കെട്ടിടങ്ങളിൽ എയർകണ്ടീഷനിംഗ് സൗകര്യം ഏർപ്പെടുത്തിയിരുന്നില്ല എന്ന് മറുപടി നൽകി.

ഈടാക്കേണ്ടിയിരുന്ന വസ്തു നികുതിയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

<u>തറവിസ്തീർണം</u>

താഴത്തെനില – 455 ച.മീ

ഒന്നാംനില - 431 ച.മീ

രണ്ടാംനില - 431 ച.മീ

മൂന്നാം നില - 73 ച.മീ

ആകെ - 1390 ച.മീ

അടിസ്ഥാന വസ്തുനികുതി നിരക്ക് - 90 രൂപ

അടിസ്ഥാന വസ്തുനികുതി - 1390 X 90 = 125100 രൂപ

<u>വസ്തുനികുതിയിലുള്ള ഇളവ്</u>

മേഖല – ദ്വിതീയം - (10%) - 12510

<u>വസ്തുനികുതിയിലുള്ള വർദ്ധനവ്</u>

വഴി സൌകര്യം - 5 മീറ്ററോ അതിൽ കൂടുതൽ - (20%) - 25020/-രൂപ

എയർകണ്ടീഷനിംഗ് - സെൻട്രലൈസ്ഡ് ഏ.സി - (10%) - 12510/-രൂപ

ആകെ ഈടാക്കേണ്ട വസ്തുനികുതി - 150120/-രൂപ

ഈടാക്കിയ വസ്തുനികുതി - 137610/-രൂപ

ഈടാക്കാൻ ബാക്കിയുള്ള തുക – 12510/-രൂപ

എയർ കണ്ടീഷനിംഗ് അടിസ്ഥാനത്തിൽ ഈടാക്കാനുള്ള തുക നികുതി പുനർനിർണ്ണയിക്കേണ്ടതും ഈടാക്കേണ്ടതുമാണ്.

വരവിനത്തിലെ നഷ്ടം - 12510/-രൂപ

ഓഡിറ്റ് എൻക്വയറി- 9(20-21) / 29.10.21

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വീട് വാസയോഗ്യമാക്കൽ - അനുവദനീയമായതിലും അധികം തുക നല്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം | 161/20 വീട് വാസയോഗ്യമാക്കൽ (എസ്.സി വിഭാഗം) |

| | |
|---|---|
| അടങ്കൽ തുക | 519778/- (വികസന ഫണ്ട് എസ്.സി.പി 489087/- തനത്ഫണ്ട് 30691/-) |
| ചെലവഴിച്ച തുക | 485267/-വികസന ഫണ്ട് എസ്.സി.പി. ബിൽ നം 1/4-7-19 235267/- |

വീട് വാസയോഗ്യമാക്കലിന് എസ്.സി വിഭാഗത്തിന് വാല്വേഷന് അനുസരിച്ച് പരമാവധി ആനുകൂല്യം 100000/- രൂപ നല്കുന്നതിനാണ് ഗ്രാമപഞ്ചായത്തിൽ പദ്ധതി അംഗീകരിച്ചിട്ടുള്ളത്.

2018-19 ലെ വീട് വാസയോഗ്യമാക്കൽ (എസ്.സി വിഭാഗം) പദ്ധതിയുടെ സ്പിൽഓവറായി നടപ്പിലാക്കിയ മേൽ പദ്ധതിയിലെ ഗുണഭോക്താവായ ജാനകി, കോട്ടയ്ക്കാട്ട് പുത്തൻവീട്, പള്ളിശ്ശേരിക്കൽ എന്ന വ്യക്തിക്ക് എൽ.എസ്.ജി.ഡി ഓവർസീയർ നല്കിയ വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 85267/-രൂപയാണ് വീട് വാസയോഗ്യമാക്കുന്നതിന് ആകെ ചെലവഴിച്ചിട്ടുള്ളത്. എന്നാൽ 2018-19 ൽ അഡ്വാൻസായി 50000/- രൂപ (ബിൽ നം. 43/13-3-19) നല്കിയിട്ടുള്ള ടിയാൾക്ക് 2019-20ൽ 35267/- രൂപ നല്കുന്നതിന് പകരം വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള 85267/- യും നല്കിയത് മൂലം 50000/- രൂപ അധികം നൽകി. മേൽ വിഷയം സൂചിപ്പിച്ചുകൊണ്ട് നല്കിയ എൻക്വയറിക്ക്, അധികമായി നല്കിയ തുക ഗുണഭോക്താവ് മരണപ്പെട്ടു പോയതിനാൽ അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കി രേഖകൾ ഹാജരാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി നല്കിയ 50000/- രൂപ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക- 50000/-

എൻക്വയറി നം- 3/25-10-21

3-2 ലൈഫ് ഭവന പദ്ധതി ജനറൽ - ഗുണഭോക്താവ് മരണപ്പെട്ടതിനാൽ പിൻവലിക്കപ്പെടാത്ത തുക ബാങ്കിൽ നിന്നും തിരികെ ഈടാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം | 6/20 - ലൈഫ് ഭവന പദ്ധതി ജനറൽ |
| അടങ്കൽ തുക | 154000000/- (വികസന ഫണ്ട് ജനറൽ- 720000/-, സംസ്ഥാനവിഹിതം- 13500000/- ബ്ലോക്ക് പഞ്ചായത്ത്- 534630/-, ജില്ലാപഞ്ചായത്ത്- 1785370/-, ലോൺ – 37460000/-) |
| ചെലവഴിച്ച തുക | 2180000/-(വികസന ഫണ്ട് ജനറൽ 720000/-, ബ്ലോക്ക് പഞ്ചായത്ത്- 260000/- ജില്ലാപഞ്ചായത്ത്- 400000/-, ലോൺ- 800000/-) |

മേൽപദ്ധതി വഴി ഭവന നിർമ്മാണത്തിനുള്ള അഡ്വാൻസായി തങ്കമ്മയമ്മ, കണക്കുന്നിൽ തെക്കതിൽ, കരിന്തോട്ടുവ എന്ന ഗുണഭോക്താവിനുള്ള 40000/- രൂപ (ബിൽ നം. 4/29-8-19) ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയെങ്കിലും ( അക്കൗണ്ട് നം. 6785436438, ഇന്ത്യൻ ബാങ്ക്, ശാസ്താംകോട്ട) തുക പിൻവലിക്കുന്നതിന് മുമ്പ് തന്നെ ടിയാൾ മരണമടഞ്ഞു. ടിയാൾക്ക് അനന്തരാവകാശികളില്ലാത്തതിനാൽ തുക നിലവിലും ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുകയാണ്. ബാങ്കിൽ നിന്നും തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്. നിർവ്വഹണോദ്യോഗസ്ഥൻ 2020 ഏപ്രിലിൽ വാഹനാപകടത്തിൽ മരണമടഞ്ഞതിനാൽ തുടർന്നുള്ള ഉദ്യോഗസ്ഥൻ മേൽവിഷയത്തിൽ തുടർനടപടി സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിരാകരിക്കുന്ന തുക – 40000/-

എൻക്വയറി നം. 3/25.10.21

3-3 ലൈഫ് ഭൂരഹിതം വസ്തുവാങ്ങൽ ജനറൽ - ഇല്ലാത്ത വസ്തുകൈമാറ്റത്തിന്റെ പേരിൽ പദ്ധതി ചെലവ്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം | 237/20 ലൈഫ് ഭൂരഹിതം വസ്തുവാങ്ങൽ ജനറൽ |
| അടങ്കൽ തുക | 16000000/- (വികസന ഫണ്ട് ജനറൽ- 1703690/-, ബ്ലോക്ക് പഞ്ചായത്ത്- 1902900/-, ജില്ലാപഞ്ചായത്ത്- 12393410/-) |
| ചെലവഴിച്ച തുക | 15600000/- (വികസന ഫണ്ട് ജനറൽ- 1423597/-, ബ്ലോക്ക് പഞ്ചായത്ത്- 1902900/-, ജില്ലാപഞ്ചായത്ത്- 12273503/-) |

2019-20ൽ നടപ്പിലാക്കിയ മേൽ പദ്ധതി 200000/- രൂപ നിരക്കിൽ ലൈഫ് ഭൂരഹിത ലിസ്റ്റിലുൾപ്പെട്ട 80 ഗുണഭോക്താക്കൾക്ക് കുറഞ്ഞത് 3 സെന്റ് വീതം ഭൂമി വാങ്ങി നല്കുന്നതിനായി 16000000/- രൂപ വകയിരുത്തിയാണ് അംഗീകാരം വാങ്ങി നടപ്പിലാക്കിയത്. മേൽ പദ്ധതിയ്ക്ക് സുലേഖ സ്റ്റേറ്റ്മെന്റ്, ആനുകൂല്യ രജിസ്റ്റർ എന്നിവയിൽ 78 ഗുണഭോക്താക്കൾക്കുള്ള 15600000/- രൂപ ചെലവഴിച്ചതായാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിൽ 77 അപേക്ഷകർക്ക് മാത്രമാണ് ഭൂമി വാങ്ങുന്നതിന് ആനുകൂല്യം നല്കിയതെന്നും രജിസ്റ്ററിൽ ഒരു ഗുണഭോക്താവിന്റെ പേര് വിവരങ്ങൾ മറ്റൊരു സീരിയൽ നമ്പറിൽ വീണ്ടും (49&65) രേഖപ്പെടുത്തിയതിനാലാണ് രജിസ്റ്റർ പ്രകാരം 78 ഗുണഭോക്താക്കൾ വന്നതെന്നും ഓഡിറ്റിന് ബോദ്ധ്യപ്പെട്ടു. കൂടാതെ ബിൽബുക്കിലെ 66/26-3-20 ബിൽ പ്രകാരം മേൽപദ്ധതിയ്ക്ക് വകയിരുത്തിയ (രേഖകൾ ഫയലിനോടൊപ്പം) 200000/-രൂപ വിജയമ്മ, ചെപ്പള്ളിൽ എന്ന വ്യക്തിയുടെ എസ്.ബി.ഐ കരുനാഗപ്പള്ളി ശാഖയിലുള്ള 2016856759 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി ട്രഷറി ബിൽ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. വിജയമ്മ എന്ന വ്യക്തിയിൽ നിന്നും ഭൂമി വാങ്ങിയ ആളുടെ അപേക്ഷയും രേഖകളും ഹാജരാക്കണമെന്ന് അറിയിച്ചുകൊണ്ട് നല്കിയ എൻക്വയറിക്ക്, ടി വ്യക്തിയുടെ അക്കൗണ്ട് നമ്പർ തെറ്റായതിനാൽ ബാങ്കിന് തുക കൈമാറാൻ സാധിച്ചിട്ടില്ലെന്നും പഞ്ചായത്തിൽ നിന്നും കത്ത് കൊടുക്കുന്ന മുറയ്ക്ക് തുക തിരികെ നല്കുന്നതാണെന്നും ബാങ്കിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന് വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക പിൻവലിച്ച് ഒന്നരവർഷം കഴിഞ്ഞിട്ടും തുക ആവശ്യപ്പെട്ട് ശ്രീമതി.വിജയമ്മ പഞ്ചായത്തിനെ സമീപിച്ചിട്ടില്ലാത്തതിനാലും ടിയാളിൽ നിന്നും ഭൂമി വാങ്ങിയ ഗുണഭോക്താവിനെ സംബന്ധിച്ച് രേഖകൾ ഇല്ലാത്തതിനാലും നിർവ്വഹണോദ്യോഗസ്ഥൻ 2020 ഏപ്രിലിൽ വാഹനാപകടത്തിൽ മരണമടഞ്ഞതിനാലും ഈ വിഷയത്തിൽ പഞ്ചായത്തിൽ നിന്നും തുടർ നടപടി സ്വീകരിച്ച വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. ടി നിർവ്വഹണോദ്യഗസ്ഥൻ നടത്തിയ ജനറൽ (77 ഗുണഭോക്താക്കൾ) & എസ്.സി.പി (22 ഗുണഭോക്താക്കൾ) ഭൂമി വാങ്ങൽ പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് സ്വന്തമായോ പാരമ്പര്യമായോ ഭൂമിയില്ലെന്നുള്ള വില്ലേജോഫീസറുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിരുന്നില്ല. 23.03.20 ന് ലോക്ക് ഡൌൺ ആരംഭിച്ചതിനാൽ നിർവ്വഹണോദ്യോഗസ്ഥന് ഫയലുകൾ പരിപാലിക്കുന്നതിന് സമയം ലഭിച്ചിരുന്നില്ല എന്നാണ് നിലവിലെ വി.ഇ.ഒ അറിയിച്ചത്. മേൽ പദ്ധതികളിൽ നിലവിലുള്ള വി.ഇ.ഒ മാർ ഹാജരാക്കിയ രേഖകൾ മാത്രമാണ് പരിശോധിച്ചിട്ടുള്ളത്. നിർവ്വഹണോദ്യോഗസ്ഥന്റെ അഭാവത്തിൽ തുടർന്നുള്ള വി.ഇ.ഒ ബാങ്കിൽ നിന്നും തുക ഈടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക- 200000/-
ഓഡിറ്റ് എൻക്വയറി നം 13/30-10-21

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 25.10.21 | കെ.എസ്.എ.കെ.എൽ.എം.പി.10/1527/21 തീയതി. 25.03.2022 |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000/- | പാലിയേറ്റീവ് കെയർ | 300000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 201000/- | അഗതിരഹിതകേരളം (ആശ്രയ) | 201000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 400000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 400000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 260000/- | ലൈഫ് മിഷൻ, ജനറൽ | 260000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1902900/- | ലൈഫ് മിഷൻ, വസ്തുവാങ്ങൽ ജനറൽ | 1902900/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 913000/- | ലൈഫ് മിഷൻ, വസ്തുവാങ്ങൽ എസ്.സി | 913000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 168106/- | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 168106/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 133903/- | അങ്കണവാടി പോഷകാഹാര വിതരണ പരിപാടി | 133903/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 400000/- | ലൈഫ് മിഷൻ, ജനറൽ | 400000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 400000/- | ലൈഫ് മിഷൻ, എസ്.സി | 400000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 12273503/- | ലൈഫ് മിഷൻ, വസ്തുവാങ്ങൽ എസ്.സി | 12273503/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 3265265/- | ലൈഫ് മിഷൻ, വസ്തുവാങ്ങൽ, എസ്.സി | 3265265/- | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 160/21.10.2019 | 1277000/- | 0 | 1277000/- |
| കെ.എസ്.ഇ.ബി | ആറാട്ടുകടവ് റോഡ് ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ | 130/27.09.2019 | 181373/- | 214200/- | 0 |
| | | 172/28.10.19 | 32827/- | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 62,35,367/-രൂപ വരവുണ്ട്. 62,35,367/-രൂപയിൽ 62,35,367/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/18/എൽ.എസ്.ജി.ഡി 18-05-2018 | 62,35,367/- | 1,29,51,962/- | 13,38,236/- | | 1,78,49,093/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16119/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2017-18 | 3-7 | 1485/- | ശ്രീമതി.തസ്നി, വാർഡ് മെമ്പർ | 120110103304/ |
| 2017-18 | 3-7 | 1485/- | ശ്രീ.ദിലീപ്കുമാർ വാർഡ് മെമ്പർ | 120110103311/ |
| 2018-19 | 3-3 | 7162/- | ശ്രീമതി. സുമ തോമസ്, അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി | 119110108538/18-02-19 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-8 | 2011-12 | 4.8 | വൃദ്ധസദനം നിർമ്മാണം | നിയമസഭസമിതിയുടെ പരിഗണനയിൽ |
| 2017-18 | 2-1 | 2018-19 | | 21,30,906/- രൂപയുടെ ചെക്കുകളും ഡിഡികളും ഒന്നര വർഷം വരെ ബാങ്കിൽ സമർപ്പിച്ചില്ല- മേൽനോട്ടത്തിലും ഭരണനിർവഹണ പരിശോധനയിലും ഗുരുതര പിഴവുകൾ | നിയമസഭസമിതിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 12510/- | | ശ്രീ.രാജൻ ആചാരി.ജി, സെക്രട്ടറി |
| 3-1 | | 50000/- | ശ്രീമതി.സനൂജ .കെ.എസ്, വി.ഇ.ഒ |
| 3-2 | | 40000/- | ശ്രീ. വിനോദ്കുമാർ.എസ്, വി.ഇ.ഒ |
| 3-3 | | 200000/- | ശ്രീ. വിനോദ്കുമാർ.എസ്, വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1450890/- | ശ്രീ.രാജൻ ആചാരി.ജി, സെക്രട്ടറി |
| 1-16 | 288914/- | ശ്രീമതി.പ്രസന്നകുമാരി അമ്മ.ബി, ഹെഡ് മിസ്ട്രസ്സ് |
| | 2399899/- | ശ്രീ.അബ്ദുൾ സലിം.എച്ച്, ഹെഡ് മാസ്റ്റർ |
| 1-21 | 312500/- | ശ്രീമതി.സുജാത.കെ.ജി, വെറ്റിനറി സർജൻ |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) |
|---|---|
| 1-7-1 | 25940/- |
| 1-7-2 | 313240/- |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക(രൂപ) |
|---|---|

| | |
|---|---|
| 1-7-1 | 25940/- |

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജൻആചാരി.ജി, സെക്രട്ടറി | സെക്രട്ടറി, ശാസ്താംകോട്ട ഗ്രാ.പ | ആലുവിള പുത്തൻവീട്, കിടങ്ങയം നടുവിൽ പതാരം.പി.ഒ |
| ശ്രീമതി.സനൂജ .കെ.എസ് വി.ഇ.ഒ | വി.ഇ.ഒ, ശാസ്താംകോട്ട ഗ്രാ.പ | വലിയതറയിൽ, കല്ലേലിഭാഗം .പി.ഒ ശാസ്താംകോട്ട |
| ശ്രീമതി.പ്രസന്നകുമാരി അമ്മ.ബി, ഹെഡ് മിസ്ട്രെസ്സ് | സർവ്വീസിൽ നിന്നും വിരമിച്ചു | പ്രണവം, കിടങ്ങയം വടക്ക് പതാരം.പി.ഒ, കൊല്ലം |
| ശ്രീ.അബ്ദുൾ സലിം. എച്ച്, ഹെഡ് മാസ്റ്റർ | ഗവ.എൽ.പി.എസ്സ്, മുതുപിലാക്കാട് | വില്ലിശ്ശേരി പള്ളിസ്സേരിക്കൽ ശാസ്താംകോട്ട.പി.ഒ |
| ശ്രീമതി.സുജാത.കെ.ജി, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, ശാസ്താംകോട്ട R.A.I.C | രേവതിഭവനം, കിടങ്ങയം നടുവിൽ ശൂരനാട് സൌത്ത് |
| ശ്രീ. വിനോദ്കുമാർ.എസ്, വി.ഇ.ഒ | മരണപ്പെട്ടു | വിനോദ് ഭവൻ, വലിയപാടം, വിളന്തറ പി.ഒ, പടിഞ്ഞാറെ കല്ലട |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ. 21.2.18 | 5 |
| 1997-98 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ. 21.2.18 | 3 |
| 1998-99 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18, തീ. 21.2.18 | 4 |
| 1999-2000 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ. 21.2.18 | 13 |
| 2000-01 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ. 21.2.18 | 2 |
| 2002-03 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18, തീ. 21.2.18 | 5 |

| | | |
|---|---|---|
| 2003-04 | കെ.എസ്.എ.- കെ.എൽ.എം.-പി 10/397/18,<br>തീ. 21.2.18 | 10 |
| 2004-05 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18,<br>തീ. 21.2.18 | 8 |
| 2005-06 | കെ.എസ്.എ.- കെ.എൽ.എം.- പി 10/397/18,<br>തീ. 21.2.18 | 12 |
| 2006-07 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19,<br>തീ. 29.05.19 | 8 |
| 2007-08 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19,<br>തീ. 29.05.19 | 8 |
| 2008-09 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19,<br>തീ. 29.05.19 | 3 |
| 2009-10 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19,<br>തീ. 29.05.19 | 6 |
| 2010-11 | കെ.എസ്.എ.- കെ.എൽ.എം.- പി 10/724/19,<br>തീ. 29.05.19 | 16 |
| 2011-12 | കെ.എസ്.എ.- കെ.എൽ.എം.- പി 2/1189/15,<br>തീ. 08.09.15 | 9 |
| 2012-13 | കെ.എസ്.എ.- കെ.എൽ.എം.- പി 2/875/14<br>തീ. 11.09.15 | 12 |
| 2013-14 -<br>2014-15 | കെ.എസ്.എ.- കെ.എൽ.എം.- പി 10/479/16<br>തീ. 20.06.17 | 37 |
| 2015-16 | കെ.എസ്.എ.- കെ.എൽ.എം.- പി 10/1846/2016/<br>തീ. 23.11.17 | 15 |
| 2016-17 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1371 /18<br>തീ. 17.05.19 | 17 |
| 2017-18 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1926 /18<br>തീ. 15.05.19 | 19 |
| 2018-19 | കെ.എസ്.എ.- കെ.എൽ.എം.- പി-10/1407/19<br>തീ. 05.10.19 | 11 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്